## ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുന്ന 17-ാം BRICS ഉച്ചകോടിയിൽ ഉറുഗ്വേ പ്രസിഡന്റുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി (ജൂലൈ 07, 2025)

ജൂലൈ 07, 2025

ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടക്കുന്ന BRICS ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഉറുഗ്വേ ഓറിയന്റൽ റിപ്പബ്ലിക് പ്രസിഡന്റുമായി ഇന്ന് കൂടിക്കാഴ്ച നടത്തി.

2. ഇരുനേതാക്കളും ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ മേഖലകളും ഉൾക്കൊള്ളുന്ന ചർച്ചകൾ നടത്തി. ഡിജിറ്റൽ സഹകരണം, ICT, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യ വികസനം, UPI, പ്രതിരോധം, റെയിൽവേ, ആരോഗ്യ, ഫാർമസ്യൂട്ടിക്കൽസ്, കൃഷി, ഊർജ്ജം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നീ മേഖലകളിലെ സഹകരണം അവർ അവലോകനം ചെയ്തു. ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും ശക്തിപ്പെടുത്തുക എന്നതായിരുന്നു ചർച്ചയുടെ പ്രധാന മേഖല. കൂടുതൽ സാമ്പത്തിക സാധ്യതകളും വ്യാപാര പൂരകങ്ങളും തുറക്കുകയെന്ന ലക്ഷ്യത്തോടെ ഇന്ത്യ-MERCOSUR മുൻഗണനാ വ്യാപാര കരാർ വികസിപ്പിക്കുന്നതിൽ ഇരുപക്ഷവും താൽപര്യം പ്രകടിപ്പിച്ചു.

3. പഹൽഗാമിൽ അടുത്തിടെ നടന്ന ക്രൂരമായ ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചതിന് പ്രസിഡന്റ് ഒർസിയോട് പ്രധാനമന്ത്രി നന്ദി അറിയിച്ചു. എല്ലാ തരത്തിലുമുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചതിന് ഉറുഗ്വേയെ അദ്ദേഹം അഭിനന്ദിച്ചു.

4. ഭാവിയിലൂന്നിയ ഉഭയകക്ഷി പങ്കാളിത്തം വികസിപ്പിക്കുന്നതിനുള്ള ഇരു രാജ്യങ്ങളുടെയും പ്രതിബദ്ധത യോഗം വീണ്ടും ഉറപ്പിച്ചു.

**റിയോ ഡി ജനീറോ**

**ജൂലൈ 07, 2025**